**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **29-07-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ എത്ര വീടുകൾ വച്ച് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പ്രദേശങ്ങളിലാണ് ഇതെന്നും വ്യക്തമാക്കാമോ; | (എ) | പാലമറ്റം, പുന്നേക്കാട്, കുട്ടമ്പുഴ, നേര്യമംഗലം എന്നീ സ്ഥലങ്ങളിൽ 4 വീടുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്. |
| (ബി) | കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിതർക്കും ഭവന രഹിതർക്കും ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വാരപ്പെട്ടി പഞ്ചായത്തിൽ വിട്ടുകിട്ടുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത സ്ഥലം ഹോം കെയർ പദ്ധതിയ്ക്കായി വിട്ടുകിട്ടുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ; | (സി) | കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/1എ/8/28 സർവ്വെ നമ്പരിൽപ്പെട്ട ഒരേക്കർ സ്ഥലത്ത് കെയർഹോം പദ്ധതി പ്രകാരം ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) | സഹകരണ വകുപ്പിന്റെ കെയർ ഹോം രണ്ടാംഘട്ട പദ്ധതിയ്ക്കായി സ്ഥലം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്ഥലം ലഭിയ്ക്കുന്ന മുറയ്ക്ക് നിർമ്മാണം ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ